"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് വയനാട് - മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ 30/07/2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് അടിയന്തിര ആശ്വാസ ധനസഹായം കാലാവധി ദീർഘിപ്പിച്ച ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.41/2026/DMD തീയതി,തിരുവനന്തപുരം, 18-01-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം.589/2024/ഡിഎംഡി തീയതി 09/08/2024
2. സ.ഉ(സാധാ) നം.814/2024/ഡിഎംഡി തീയതി 23/10/2024
3. സ.ഉ(സാധാ) നം.842/2024/ഡിഎംഡി തീയതി 13/11/2024
4. സ.ഉ.(സാധാ) നം.224/2025/ഡിഎംഡി തീയതി 07/04/2025
5. വയനാട് ജില്ലാ കളക്ടറുടെ 13/12/2025-ലെ DCWYD/1637/2025/DM3 നമ്പർ കത്ത്

<u>ഉത്തരവ്</u>

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ടന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം SDRF ൽ നിന്നും അനുവദിക്കുന്നതിനും ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള / കിടപ്പുരോഗികൾ ഉള്ള കുടംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നതിനും പരാമർശം(1) പ്രകാരം അനുമതി നല്കിയിരുന്നു.

മേൽ ധനസഹായം പരമാവധി 90 ദിവസം വരെ നല്കുന്നതിന് പരാമർശം (2),(3) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

പരാമർശം (4) പ്രകാരം മേൽ ധനസഹായം 9 മാസക്കാലത്തേയ്ക്ക് കൂടി തുടർന്നും

അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവായിരുന്നു.

മേൽ പരാമർശിച്ച ഒമ്പത് മാസത്തെ കാലാവധി 2025 ഡിസംബർ മാസത്തോടെ പൂർത്തിയായിട്ടുള്ളതാണെന്നും എന്നാൽ നിലവിൽ ദുരന്ത ബാധിതർക്കുള്ള പുനരധിവാസ പദ്ധതിയായ വയനാട് ടൗൺഷിപ്പ് നിർമ്മാണം പൂർത്തിയാവാത്തതിനാൽ ദുരന്ത ബാധിതർ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സർക്കാർ ക്വാർട്ടേഴ്സുകളിലും വാടക വീട്ടുകളിലും ആണ് താമസിക്കുന്നതെന്നും ആയതിനാൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനബത്ത തുടർന്ന് അനുവദിക്കേണ്ട സാഹചര്യമുണ്ടെന്നും വയനാട് ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ 2 വ്യക്തികൾക്ക് വീതം SDRF ൽ നിന്ന് അനുവദിക്കുന്ന ധനഹായവും, കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/-രൂപ വീതം അധികമായി CMDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായവും 6 മാസ കാലത്തേക്ക് (ജൂൺ 2026) കൂടിയോ വീട് നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയിൽ തുടർന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു. മറ്റൊരു ഉപജീവനമാർഗം ലഭ്യമല്ലെന്ന സത്യവാങ്മൂലം ലഭ്യമാക്കിയ ശേഷം ടി തുക അനുവദിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക ലഭ്യമായ SDRF വിഹിതത്തിൽ നിന്നും ബാക്കി വേണ്ട തുക CMDRF-ൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്റ്റ്
ജില്ലാകളക്ടർ, വയനാട്
മെ
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ,ദുരന്ത നിവാരണ വകുപ്പ്
റവന്യൂ(ഡിആർഎഫ് സി) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ